## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5368** 01.07.2014 ലെ മറുപടിയ്ക്ക്

### സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. സി. ദിവാകരൻ :**<br>**ശ്രീ. ചിറ്റയം ഗോപകുമാർ :**<br>**ശ്രീ. പി. തിലോത്തമൻ :**<br>**ശ്രീമതി. ഗീതാ ഗോപി :** | **ശ്രീ. കെ.എം. മാണി**<br>**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് എത്ര സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (എ) 26-06-2014-ലെ കണക്കുപ്രകാരം കേരള മണിലെൻഡേഴ്സ് ആക്ടിൻ കീഴിൽ 10504 പേർ ലൈസൻസ് എടുത്തിട്ടുണ്ട്. |
| (ബി) വായ്പാ നയം സംബന്ധിച്ച് റിസർവ്വ് ബാങ്ക് നിബന്ധനകൾ പാലിക്കാതെ സംസ്ഥാനത്ത് ധനകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഇത്തരം ധനകാര്യ സ്ഥാപനങ്ങൾക്കെതിരെ എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ ? | (ബി) പ്രവർത്തിക്കുന്നുണ്ട്. മണിലെൻഡേഴ്സ് ആക്ടിൻകീഴിൽ ലൈസൻസ് എടുത്തിട്ടുള്ള മണിലെൻഡർമാർക്ക് റിസർവ്വ് ബാങ്ക് ചട്ടപ്രകാരമുള്ള പലിശ നിരക്കല്ല മറിച്ച് കേരള മണിലെൻഡേഴ്സ് ആക്ട് പ്രകാരമുള്ള പലിശ നിരക്കാണ് ബാധകമായിട്ടുള്ളത്. കേരള മണിലെൻഡേഴ്സ് ആക്ടിലെ സെക്ഷൻ 18 ഡി (1) പ്രകാരം ഒരു മണിലെൻഡർ 7(1)-ാം വകുപ്പിൽ പറഞ്ഞിട്ടുള്ളതിനേക്കാൾ (ബാങ്ക് നിരക്കിനേക്കാൾ രണ്ട് ശതമാനത്തിൽ കൂടുതൽ) പലിശ ഈടാക്കിയതായി ഇൻസ്പെക്ടർക്കോ, ലൈസൻസിംഗ് അതോറിറ്റിക്കോ ബോധ്യപ്പെട്ടാൽ അപ്രകാരം അധികമായി ഈടാക്കിയ തുക കണ്ടുകെട്ടുകയും, ആ മണിലെൻഡർക്കുമേൽ അയാൾ ഈടാക്കിയ പലിശയുടെ മൂന്ന് മടങ്ങിൽ അധികരിക്കാത്ത തുക പിഴയും ചുമത്താവുന്നതാണ്. അപ്രകാരം കണ്ടുകെട്ടിയ തുക വായ്പ |

എടുത്ത ആൾക്ക് തിരികെ നൽകുവാനും വ്യവസ്ഥയുണ്ട്. ടി വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് അമിത പലിശയ്ക്ക് പണം കടം കൊടുക്കുന്നത് നിരോധിക്കുന്നതിനും പണം കടംകൊടുക്കൽ ബിസിനസ്സിൽ അമിത പലിശ ഈടാക്കുന്നതിന് കടുത്ത ശിക്ഷ വ്യവസ്ഥ ചെയ്യുന്നതിനും കേരള അമിത പലിശ ഈടാക്കൽ നിരോധന നിയമം 2012 നടപ്പാക്കിയിട്ടുണ്ട്. ടി നിയമത്തിൽ ഏതെങ്കിലും വായ്പയിന്മേൽ അമിത പലിശ ഈടാക്കുകയോ ഇതിലേയ്ക്കായി ഏതെങ്കിലും വ്യക്തിയെ ശാരീരികമായോ മാനസികമായോ പീഢിപ്പിക്കുകയോ ചെയ്താൽ കടുത്ത ശിക്ഷനൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അനധികൃത പണമിടപാട് സ്ഥാപനങ്ങളിൽ ഓപ്പറേഷൻ കുബേര എന്ന പേരിൽ പോലീസ് വകുപ്പ് സംസ്ഥാനമൊട്ടാകെ റെയ്ഡുകൾ നടത്തുകയും നിരവധിപേരെ അറസ്റ്റ്ചെയ്യുകയും അനവധി രേഖകളുംമറ്റും പിടിച്ചെടുത്ത് കുറ്റക്കാർക്കെതിരെ കേരള മണിലെൻഡേഴ്സ് ആക്ട്, കേരള അമിത പലിശ ഈടാക്കൽ നിരോധന നിയമം, പ്രൈസ്ഡ് ചിട്ട്സ് ആന്റ് മണി സർക്കുലേഷൻ (ബാനിംഗ്) ആക്ട് എന്നിവ പ്രകാരവും ഐ. പി. സി. സെക്ഷൻസ് പ്രകാരവുമുള്ള കേസ്സുകൾ രജിസ്റ്റർ ചെയ്ത് ഇത്തരം പ്രവർത്തനങ്ങൾ നിയന്ത്രിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.